കേരള പോലീസ്
KERALA POLICE

# വാഹനപരിശോധനയ്ക്കിടെ പൊലീസുകാരൻ മരണപ്പെട്ടു



കോട്ടയം ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ സീനിയർ സിവിൽ പൊലീസ് ഓഫിസർ അജേഷ് കെ.വി. ഇന്ന് (03/07/2018) തീയതി പുലർച്ചെ 1.30 മണിക്ക് നാഗമ്പടം എയ്ഡ് പോസ്റ്റിനു സമീപം വാഹനപരിശോധനയ്ക്കിടെ ബൈക്ക് ഇടിച്ച് മരണപ്പെട്ടു. മുട്ടമ്പലം പൊലീസ് ക്വാർട്ടേഴ്സിൽ താമസിക്കുന്ന അജേഷ് പാമ്പാടി സ്വദേശി ആണ്. പൊലീസ് കൈകാണിച്ചെങ്കിലും നിർത്താതെ പാഞ്ഞുവന്ന ബൈക്ക് അജേഷിനെ ഇടിക്കുകയായിരുന്നു. ഉടൻ മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.